**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2237 — 11.06.2018 ൽ മറുപടിയ്ക്ക്

**വനിതാശിശു വികസന വകുപ്പിന്റെ ചുമതലകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.സ്വരാജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)പുതുതായി രൂപീകരിച്ച വനിതാശിശു വികസന വകുപ്പിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികാസത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് പുതിയതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിൽ ഐ.എ.എസ് കേഡറിലുള്ള ഉദ്യോഗസ്ഥയെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ തസ്തികയിൽ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി വകുപ്പിന്റെ ആസ്ഥാനമായി പൂജപ്പുരയിലെ സാമൂഹ്യനീതി വകുപ്പിന്റെ അനക്സ് സ.ഉ (സാധാ) നം26/2018/സാനീവ തീയതി 21.01.2018 പ്രകാരം നിർണ്ണയിച്ചതിനെ തുടർന്ന് വനിതാ ശിശു വികസന ഡയറക്ടറേറ്റ് പൂജപ്പുരയിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) ഈ വകുപ്പിലേക്കുള്ള ഉദ്യോഗസ്ഥരുടെ നിയമനം പൂർണ്ണമായിട്ടുണ്ടോ; | (ബി) വനിതാ ശിശു വികസന വകുപ്പിൽ പുതുതായി സൃഷ്ടിച്ച അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, ലോ ഓഫീസർ എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥർക്ക് നിയമനം നൽകിയിട്ടുണ്ട്. മറ്റു തസ്തികകളിലെ ഉദ്യോഗസ്ഥരുടെ നിയമനം പൂർത്തിയായിട്ടില്ല. എന്നാൽ ടി വകുപ്പിന്റെ ഡയറക്ടറേറ്റ് തല പ്രവർത്തനത്തിനായി ജീവനക്കാരെ താൽക്കാലികമായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും വനിതാ ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്. |
| (സി)വകുപ്പുമായി ബന്ധപ്പെട്ട അധികാരങ്ങൾ,ചുമതലകൾ എന്നിവ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവ എന്തൊക്കെ എന്ന് അറിയിക്കുമോ? | (സി) വനിതാ ശിശു വികസന വകുപ്പിന്റെ ചുമതല നിർണ്ണയിച്ച് സ.ഉ (സാധാ) നം26/2018/സാനീവ തീയതി 21.01.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങളാണ് ടി ഉത്തരവ് പ്രകാരം വനിതാ ശിശു വികസന വകുപ്പിന് കൈമാറിയിട്ടുള്ളത് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന ചുമതലകൾ ടി വകുപ്പ് നിർവ്വഹിച്ചു വരുന്നു.<br>• വനിതാ ശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട പോളിസികൾ, നിയമങ്ങൾ എന്നിവയുടെ നടത്തിപ്പ്<br>• ആയതുമായി ബന്ധപ്പെട്ട വിവിധ ക്ഷേമ |

പദ്ധതികൾ

- ജെന്റർ ബഡ്ജറ്റിംഗ്
- ജാഗ്രതാ സമിതി
- വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ
- കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതികളുടെ അപേക്ഷ സ്വീകരിക്കലും ശുപാർശ ചെയ്യലും
- വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ സ്ഥാപനങ്ങൾ
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിൽ സഹായിക്കുക
- വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ
- സംസ്ഥാന -ദേശീയ അവാർഡുകൾ
- നിർഭയ പദ്ധതി
- ജുവനൈൽ ആഫ്റ്റർ കെയർ

ഇവ കൂടാതെ സാമൂഹ്യനീതി വകുപ്പിൽ നിന്നും 36 ക്ഷേമ സ്ഥാപനങ്ങൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടർ നിയമനാധികാരിയായിരുന്ന പ്രോഗ്രാം ഓഫീസർ, ശിശു വികസന പദ്ധതി ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ, കെയർടേക്കർ എന്നീ അഞ്ച് തസ്തികകളുടെ നിയമനാധികാരിയായി സ.ഉ (സാധാ) നം175/2018/സാനീവ തീയതി 23.03.2018 പ്രകാരം വനിതാ ശിശു വികസന ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ